# ഒരു തരം കാഞ്ഞ ഫോൺവിളി

"ചില വാക്കുകൾക്കങ്ങനെയാണ്. നമ്മെയങ്ങ് ഉയർത്തിക്കൊണ്ടു പോകാൻ സാധിക്കും. കാർമേഘങ്ങൾക്കപ്പുറം ആകാശമുണ്ടെന്ന്, മഴപ്പകർച്ചകളുടെ നരച്ച നിറങ്ങൾക്കപ്പുറം മാരിവില്ലുണ്ടെന്ന്, കൊടുങ്കാറ്റിനപ്പുറം തീരമുണ്ടെന്ന് ചില വാക്കുകൾ വിശ്വാസ പ്രഖ്യാപനങ്ങളായി മാറും. അത്തരമൊരു ഉറപ്പ് കിട്ടിയാൽ മതി കൂടുതൽ മുന്നോട്ട് ചുവടുവയ്ക്കാൻ ഊർജത്തിൻറെ ഉറവുകൾ തുറന്നു കിട്ടുകയും ചെയ്യും."

വകയിലൊരു സുഹൃത്തെന്നു പറയാവുന്നൊരാൾ ഇന്നു ഫോണിൽ പറഞ്ഞ വാക്കുകളാണ് മുകളിൽ ഉദ്ധരിച്ചിരിക്കുന്നത്. ഇതിനെക്കുറിച്ച് നാലു പുറത്തിൽ കവിയാതെ ഉപന്യസിക്കുക ഒരു ബുദ്ധിമുട്ടുമുള്ള കാര്യമല്ല. ഇത്രമാത്രം ഈഗോയങ്ങ് സുഖിപ്പിക്കപ്പെട്ടു കഴിഞ്ഞാൽ ഇടംവലം നോക്കാതെ നാലു പുറത്തിലല്ലെങ്കിൽ രണ്ടുപുറത്തിലെങ്കിലും ഞെളിഞ്ഞു നിൽക്കാൻ ആർക്കും പറ്റും, അല്ലെങ്കിൽ പറ്റേണ്ടതാണ്. സന്ദർഭം വിശദീകരിച്ച് സ്വാരസ്യം വ്യക്തമാക്കാൻ (പഴയ മലയാളം മാഷിൻറെ ചോദ്യക്കടലാസിൽ കാണുന്നപോലെ) ആരും ആവശ്യപ്പെടരുത്. പ്ലീസ്. അത് തീക്കൊള്ളി പോലൊരു സാധനം കൊണ്ട് വല്ലാതൊന്നു തല ചൊറിയുന്നതു പോലെയാകാനാണ് സാധ്യത. ഒരു കാര്യം മാത്രം പറയാം. ഒരൊറ്റ ഫോൺകോളിൽ പറഞ്ഞ കാര്യങ്ങൾ ഇത്ര കിറുകൃത്യമായി ഓർത്തിരിക്കാൻ കഴിഞ്ഞെങ്കിൽ ആ വാക്കുകൾ എത്രമാത്രം ഈയുള്ളവനെയങ്ങ് കോൾമയിരു കൊള്ളിച്ചു വല്ലാതാക്കിയിട്ടുണ്ടാവുമെന്ന് ഊഹിക്കാമല്ലോ. അതിനാൽ മൊബൈൽ ഫോണിനു പോലും സുഖിച്ചിരിക്കാൻ ഇടയുള്ള സംഭാഷണത്തിൻറെ ബാക്കി കൂടി ഉദ്ധരിച്ചോട്ടെ. ആർക്കും ചില സന്ദർഭങ്ങളിൽ ചില ഇട്ടുണ്ണാൻമാരെ കുപ്പിയിലിറക്കാൻ വേണ്ടി ഉപയോഗിക്കാൻ സാധിക്കും. (വൈകി വായിച്ചു തുടങ്ങിയവരുടെ അറിവിലേക്ക്. സാക്ഷാൽ ടോംസിൻറെ ബോബനും മോളിയും എന്ന കാർട്ടൂൺ സീരിസിലെ ജന്മനാ മന്ദബുദ്ധിയായ ചേട്ടനാണ് ഇട്ടുണ്ണാൻ. വകയിൽ എൻറെയൊരു ചിറ്റപ്പനായിട്ടു വരും.)

ഫോൺ കോളിലേക്ക് മാന്യ വായനക്കാരെ ഒരിക്കൽ കൂടി ക്ഷണിക്കുകയാണ്. "ഒരു കാര്യം ശരിക്ക് ഇഷ്ടപ്പെട്ടു. എന്താണെന്നോ, വളരെ പോസിറ്റീവായ മാറ്റങ്ങൾ കാണുന്നുവെന്ന വാക്കുകൾ എത്ര പോസിറ്റിവ് എനർജിയാണെന്നോ തന്നത്. അടുത്ത കാലത്തുണ്ടായതിൽ വച്ച് ഏറ്റവും ഡള്ളായ കാലത്തിൻറെ ഒടുവിൽ ഇങ്ങനെയൊരു നിരീക്ഷണം മനസ്സിൻറെ എല്ലാ മട്ടുപ്പുകളെയും തുടച്ചു കളയുന്നതായി. നന്ദി."

സംഗതി ഏതായാലും ജോറായി അല്ലേ. അങ്ങേത്തലയ്ക്കലെ അവസ്ഥ എന്തായാലും ഇങ്ങേത്തലയ്ക്കൽ ഈയുള്ളവൻ വല്ലാത്ത അവസ്ഥയിലായി പോയേ. ഇങ്ങനെയൊക്കെ ഇടയ്ക്കിടെ ഫോണിൽ വിളിച്ചു പറയാൻ ആളുണ്ടായാൽ എത്ര നന്നാരിക്കും. ഇടയ്ക്കിടെ മറ്റേ സാധനം-അതേ കോൾമയിരു തന്നെ-മനസിൽ തോന്നിക്കൊണ്ടിരിക്കുകയും ചെയ്യും. വഴിയേ പോയ വയ്യാവേലികളൊക്കെ പത്തിനു രണ്ടു പതവും കൊടുത്ത് എടുത്ത് തലയിൽ വച്ചിരിക്കുന്ന മഹാനാണ് നമ്മളെന്ന സത്യം നമുക്ക് മാത്രമല്ലേ അറിയൂ. ഒ വി വിജയൻ പണ്ടു കുറിച്ചൊരു കാര്യമുണ്ട്. ഐ ആം ദി മൊണാർക്ക് ഓഫ് ഓൾ റെലംസ് ഐ ഡെയർ നോട്ട് സർവേ. ഈയുള്ളവൻറെ കാര്യത്തിലെത്തിയാൽ ഇത്തിരി മാറ്റം വരുത്തി പറയാം. ഐ ആം ദി ബഫൂൺ ഓഫ് ഓൾ റെലംസ് അദേഴ്സ് ഡെയർ നോട്ട് സർവേ. അദ്ദിലാണ് കാര്യം. ബഫൂൺ ആണെങ്കിലെന്ത് അല്ലെങ്കിലെന്ത്, ആ ലോകമൊക്കെ സർവേ ചെയ്യാൻ ലവൻമാരോ ലവളുമാരോ ഡെയർ ചെയ്യുന്നില്ലല്ലോ. അദ്ദേന്നേ, ധൈര്യപ്പെടുന്നില്ലല്ലോന്ന്. അപ്പോ പിന്നെ ഫൂൾസ് ക്യാപ്പ് വച്ചോ ഫൂൾസ് ക്യാപ്പ് വയ്ക്കാതെയോ ഒക്കെ ഏതു വേഷവും കെട്ടിയാടാൻ എന്തിന് അമാന്തിക്കണം.

ഫോൺ കോളിൻറെ കുറേ ഭാഗം ഞാൻ മുക്കി കേട്ടോ. എന്നാലും ഒന്നു രണ്ടു ഹാംലെസ് വാചകം കൂടി ഉദ്ധരിച്ചുകളയാം. "എന്നെ പ്രോത്സാഹിപ്പിക്കാനായുള്ള ഉപായങ്ങൾ ഇടയ്ക്കിടെ ഓരോന്നായി എടുത്ത് ഉപയോഗിച്ചു കൊണ്ടിരുന്നില്ലെങ്കിൽ ഞാനങ്ങ് മൂടിക്കുത്തിയ അവസ്ഥയിലായി പോകുമെന്നറിയാമല്ലോ. അങ്ങയുടെ പിന്തുണയുണ്ടെങ്കിൽ എനിക്ക് തുഴഞ്ഞ് എത്തിച്ചേരാൻ വേറൊരു ലോകമുണ്ടെന്നുറപ്പാണ്. അതിലെനിക്ക് സംശയമേയില്ല. എന്നാൽ അവിടെ വരെ തുഴഞ്ഞെത്താൻ കൈകാലുകൾക്ക് ബലമുണ്ടാകുമോ എന്ന സംശയം മാത്രമാണ് ഇടയ്ക്ക് തലപൊക്കുന്നത്. ഓരോ വശത്തു നിന്നായി സമ്മർദങ്ങളുണ്ടാകുമ്പോൾ, ഏയ് ഈ സമ്മർദമൊക്കെ ഇതിലും വലിയ നേട്ടത്തിനുള്ള മിനിമം വിലയായി നാം കൊടുക്കേണ്ടതല്ലേയെന്ന് കാതിൽ പറയാൻ ഒരാളുണ്ടായാൽ പിന്നെ ഉൽസാഹമേറിക്കൊള്ളും." സത്യം സത്യമായി ഞാൻ പറയാം. ഇന്നു വരെ ഇങ്ങനെയൊരു വാചകം ആരുടെയും കാതിൽ പറഞ്ഞിട്ടില്ല. അദ്ദു കൊണ്ടു പറയാം. ഇതൽപം കടന്ന കൈയായി പോയി കേട്ടോ, സൂർത്തേ.